# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5309** **23.05.2017 ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിൽ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. രാജഗോപാലൻ | | ഡോ. കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | എം.എൽ.എ മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശഭരണ വകുപ്പ് വഴി നടപ്പിലാക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ എം.എൽ.എ. മാർ കഴിഞ്ഞ 5 വർഷങ്ങളിലായി എത്ര പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്; | (എ) | 187 പ്രവൃത്തികൾ. |
| (ബി) | ഇതിൽ എത്ര പ്രവർത്തികൾക്ക് ഇതുവരെയായി അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 157 പ്രവൃത്തികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. |
| (സി) | നാളിതുവരെയായി അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്നും ആയതിന്റെ കാരണവും വ്യക്തമാക്കാമോ; | (സി) | അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിക്കാത്ത 30 പ്രവൃത്തികൾ ഉണ്ട്. ഇതിൽ 27 പ്രവൃത്തികൾ 2016-17 വർഷത്തിൽ എം.എൽ.എ മാർ നിർദ്ദേശിച്ച് അടുത്തകാലത്തായി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന 3 പ്രവൃത്തികൾ എം.എൽ.എ മാർ നിർദ്ദേശിച്ചതിനു ശേഷം ഉപേക്ഷിച്ചിട്ടുള്ളതാണ്. |
| (ഡി) | അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ച എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത എത്ര പ്രവൃത്തികൾ ഉണ്ട്; ഈ പ്രവൃത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ഡി) | ഭരണാനുമതി ലഭിച്ച 39 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭരണാനുമതി 2016-17 ൽ ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്ത 59 പ്രവൃത്തികൾ ഉണ്ട്. ഈ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ